സ്ക്കൂട്ടർഫാക്ടറി

* 20 [39] ശ്രീ. എൻ. പ്രഭാകരത്തണ്ടാർ:
,, പി. ജി. പുരുഷോത്തമൻ പിള്ള:
,, മുസ്തഫാകമാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു സ്ക്കൂട്ടർഫാക്ടറി ആരംഭിക്കാൻപോകുന്നതായി അറിയുന്നത് ശരിയാണോ;

(ബി) എങ്കിൽ അത് എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഫാക്ടറിക്കുവേണ്ടി സ്ഥലം ഏടുത്തുകഴിഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത സ്ഥലവാസികളിൽനിന്നും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) ശരിയാണ്.

(ബി) അമ്പലപ്പുഴ താലൂക്കിൽ.

(സി) പുന്നപ്രവില്ലേജിൽ 200 ഏക്കർ സ്ഥലം പ്രോജക്ട് ഏരിയായായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പരിഗണനയിൽ ഇരിക്കുന്നു.

(ഇ) പരസ്യം ചെയ്തിട്ടുള്ള സ്ഥലം ജനനിബിഡമായതും, തെങ്ങിൻതോപ്പുകൾകൊണ്ട് നിറഞ്ഞതും പ്രോജക്ടിന് അനുയോജ്യമല്ലാത്തതും ആണ് എന്നാണ് പരാതി. കൂടാതെ ഈ പ്രോജക്ട് കാരണം ഈയിടയ്ക്ക് പണി ആരംഭിച്ചിട്ടുള്ള ആർത്തുങ്കൽ അമ്പലപ്പുഴ തീരദേശറോഡ് ഉപേക്ഷിക്കേണ്ടിവരുമെന്നുള്ള ആശങ്കയും പരാതിക്കാർ പ്രകടിപ്പിച്ചിട്ടുണ്ട്.

കണ്ണപുരം സംഭവം

* 21 [42] ശ്രീ. സി. എം. കുട്ടി:
,, ഇ. അഹമ്മദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ഡിസംബർ 17–ാം തീയതി കണ്ണൂർ ജില്ലയിലെ കണ്ണപുരത്തുണ്ടായ അട്ടിമറി സംഭവത്തെപ്പറ്റി ഗവൺമെൻറിന് ലഭിച്ച വിവരങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണ്; കേസുകളുടെ സ്വഭാവമെന്ത്;

(സി) ഇതിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന എത്രപേരെ ഇനിയും കിട്ടാനുണ്ട്;

(ഡി) ഈ വിവരം കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ കേന്ദ്രഗവൺമെൻറിന്റെ പ്രതികരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly